ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.02.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തെ അടിസ്ഥാന സൗകര്യ വികസനത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുന്ന പദ്ധതികൾക്കാണ് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said that the Union Cabinet has approved projects that will bring significant changes to the country's infrastructure development.**

2. റോഡപകടത്തിൽപ്പെടുന്നവർക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്ന 'പിഎം റാഹത് പദ്ധതി'ക്ക് അംഗീകാരം നൽകി കേന്ദ്ര സർക്കാർ.

   **Prime Minister Narendra Modi has approved the launch of the PM RAHAT – Road Accident Victim Hospitalization and Assured Treatment Scheme.**

3. ഇന്ത്യ നിർമിതബുദ്ധി ഉച്ചകോടിക്ക് നാളെ ന്യൂഡൽഹിയിൽ തുടക്കമാകും. അഞ്ചാം വ്യവസായ വിപ്ലവത്തിന് നിർമ്മിത ബുദ്ധി കരുത്തുപകരുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

**The India AI Summit will begin tomorrow in New Delhi. Union Minister Ashwini Vaishnaw asserts, Artificial Intelligence will power Fifth Industrial Revolution focussing on social impact, adoption and governance.**

4. **കേരളത്തിൽ എസ് ഐ ആർ കരട് വോട്ടർപട്ടികയിൽ 100% ഹിയറിംഗ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.**

**The Chief Electoral Officer, Rathan U. Kelkar stated that 100% hearing has been completed for the draft voter list in Kerala.**

5. **ഇന്ന് മഹാ ശിവരാത്രി. രാജ്യമെമ്പാടുമുള്ള ശിവ ക്ഷേത്രങ്ങളിൽ വൻ ഭക്തജനതിരക്ക്.**

**The festival of Mahashivratri is being celebrated across the country today with deep devotion and spiritual fervour.**

6. **ഐ.സി.സി പുരുഷ ടി-20 ലോകകപ്പിൽ ഇന്ന് ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം.**

**In the ICC Men's T20 Cricket World Cup, India will face Pakistan today.**

## PM - CABINET

രാജ്യത്തെ അടിസ്ഥാന സൗകര്യ വികസനത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുന്ന വിവിധ പദ്ധതികൾക്കാണ് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഡൽഹി, ഹരിയാന, മഹാരാഷ്ട്ര, കർണാടക സംസ്ഥാനങ്ങളിലൂടെ കടന്നുപോകുന്ന മൂന്ന് മൾട്ടി ട്രാക്കിംഗ് റെയിൽവേ പദ്ധതികൾ റെയിൽ അടിസ്ഥാന സൗകര്യങ്ങൾ

ശക്തിപ്പെടുത്താനും ചരക്കുനീക്കച്ചെലവ് കുറയ്ക്കാനും യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സഹായിക്കും. ഹൈദരാബാദ്-പനാജി സാമ്പത്തിക ഇടനാഴിയിലെ ദേശീയപാത -167 വീതികൂട്ടാനുള്ള തീരുമാനം സാമ്പത്തിക വളർച്ചയ്ക്കും തൊഴിലവസരങ്ങൾക്കും വഴിയൊരുക്കുമെന്നും ശ്രീ നരേന്ദ്ര മോദി പറഞ്ഞു.

# PM RAHAT SCHEME (INTRO)

റോഡപകടത്തിൽപ്പെടുന്നവർക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്ന 'പിഎം റാഹത് പദ്ധതി'യ്ക്ക് അംഗീകാരം നൽകി കേന്ദ്ര സർക്കാർ. സേവാ തീർഥ് ഓഫീസ് സമുച്ചയത്തിലേക്ക് മാറിയതിനു ശേഷം കൈക്കൊള്ളുന്ന ആദ്യത്തെ തീരുമാനമാണിത്.

**വിശദാംശങ്ങളിലേക്ക്....**
**( വോയിസ്....)**

പിഎം റാഹത് പദ്ധതി പ്രകാരം റോഡ് അപകടം സംഭവിക്കുന്ന വ്യക്തിക്ക് അപകടം നടക്കുന്ന തീയതി മുതൽ ഏഴ് ദിവസത്തേക്ക്, ഒന്നര ലക്ഷം രൂപ വരെ പണരഹിത ചികിത്സയ്ക്ക് അർഹതയുണ്ടായിരിക്കും. റോഡപകടത്തിന് ശേഷം ഉടനടി വൈദ്യസഹായം ലഭ്യമാക്കുന്നതിലൂടെ ഒരു ജീവൻ പോലും നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ പ്രതിബദ്ധത യാണ് ഇതിലൂടെ പ്രതിഫലിക്കുന്നതെന്ന് റോഡ്, ഉപരിതല ഗതാഗത മന്ത്രാലയം അറിയിച്ചു. അടിയന്തര പ്രതികരണ പിന്തുണാ സംവിധാനമായ 112 ഹെൽപ്‌ലൈനുമായി പദ്ധതിയെ സംയോജിപ്പിക്കും. ആശുപത്രികളുടെ തുക മോട്ടോർ വെഹിക്കിൾ ആക്സിഡൻ്റ് ഫണ്ടിൽനിന്നാണ് നൽകുക. അപകടമുണ്ടാക്കിയ വാഹനത്തിന് ഇൻഷുറൻസുണ്ടെങ്കിൽ ഇൻഷുറൻസ് കമ്പനികളുടെ വിഹിതത്തിൽ നിന്ന് തുക ഈടാക്കും. ഇൻഷുറൻസ് ഇല്ലാത്ത വാഹനങ്ങളും 'ഹിറ്റ് ആൻഡ് റൺ' കേസുകളുമാണെങ്കിൽ കേന്ദ്ര സർക്കാരിൻ്റെ ബജറ്റ് വിഹിതത്തിൽ നിന്ന് തുക നൽകും.
**ന്യൂസ്ഡെസ്ക് ആകാശവാണി....**

# SITHARAMAN-MUNICH

കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ജർമ്മനിയിലെ മ്യൂണിക്കിൽ ബവേറിയൻ വിദേശകാര്യ മന്ത്രി എറിക് ബീസ്‌വെംഗറുമായി കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി പങ്കാളിത്തം ശക്തിപ്പെടുത്തു

ന്നതിനെ കുറിച്ച് ഇരുനേതാക്കളും ചർച്ച ചെയ്തു. നൈപുണ്യ വികസന മേഖലയ്ക്കായും ആരോഗ്യമേഖലയ്ക്കായും കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളെക്കുറിച്ചും കേന്ദ്ര ധനമന്ത്രി കൂടിക്കാഴ്ചയിൽ വിശദീകരിച്ചു.

## JAISHANKAR (INTRO)

ജർമ്മനിയിലെ മ്യൂണിക്കിൽ പുരോഗമിക്കുന്ന മ്യൂണിക്ക് സുരക്ഷാ സമ്മേളനത്തിന്റെ ഭാഗമായി വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ജർമ്മൻ വിദേശകാര്യ മന്ത്രി ജോഹാൻ വഡെപുലുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴി വ്യാപാരവും ചരക്കുനീക്കവും സുഗമമാക്കാൻ ലക്ഷ്യമിട്ടുള്ളതാണെന്ന് ഇന്നലെ മ്യൂണിക് സുരക്ഷാ സമ്മേളനത്തിൽ ശ്രീ എസ്. ജയ്ശങ്കർ പറഞ്ഞു. ലോകം കൂടുതൽ ബഹുധ്രുവതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്നും, സ്വതന്ത്രമായ തീരുമാനങ്ങളെടുക്കുന്ന കേന്ദ്രങ്ങൾ ഇനിയുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

## DIGITAL CURRENCY - AMIT SHAH

രാജ്യത്തെ ആദ്യ സെൻട്രൽ ബാങ്ക് ഡിജിറ്റൽ കറൻസി അധിഷ്ഠിത പൊതുവിതരണ സംവിധാനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഗുജറാത്തിലെ ഗാന്ധിനഗറിൽ ഉദ്ഘാടനം ചെയ്യും. ഭക്ഷ്യധാന്യ വിതരണം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുക എന്നത് ലക്ഷ്യമിട്ട് ഗുജറാത്ത് സർക്കാർ ആവിഷ്കരിച്ചതാണ് ഈ സംരംഭം. ഭക്ഷ്യസുരക്ഷാ ശൃംഖല ശക്തിപ്പെടുത്തുന്നതിന് ധാന്യ എ ടിഎമ്മുകളും പ്രത്യേക പോഷകാഹാര ക്യാമ്പെയ്നുകളും ഇതിൻറെ ഭാഗമായി ആരംഭിക്കും.

## RAILWAY - REFORMS

ട്രെയിനുകളിലെ ജനറൽ കോച്ചുകളും ഫസ്റ്റ് ക്ലാസ് കോച്ചുകൾക്ക് തുല്യമായ ശുചിത്വം ഉറപ്പാക്കുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. റെയിൽവെ പരിഷ്കാരങ്ങളെക്കുറിച്ച് ഡൽഹിയിൽ വാർത്താസമ്മേളനത്തിൽ

സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒന്നര മണിക്കൂർ ഇടവേളകളിൽ കോച്ചുകൾ വൃത്തിയാക്കുന്നതിനായി കൂടുതൽ ജീവനക്കാരെ വിന്യസിക്കുമെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

## WB-SIR

പശ്ചിമ ബംഗാളിൽ എസ് ഐ ആറിന്റെ ഭാഗമായുള്ള ഹിയറിംഗ് പൂർത്തിയായപ്പോൾ 6.61 ലക്ഷം സമ്മതിദായകരെ വോട്ടർപട്ടികയിൽ നിന്ന് നീക്കി. ഏകദേശം 4.98 ലക്ഷം വോട്ടർമാർ നോട്ടീസ് സ്വീകരിച്ചെങ്കിലും ഹിയറിംഗിന് ഹാജരായില്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

## SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികൾ പുരോഗമിക്കുന്നു. കരട് വോട്ടർപട്ടികയിൽ ഉൾപ്പെട്ടതിന് ശേഷം പിശകുകൾ കണ്ടെത്തിയതിനെ തുടർന്ന് നോട്ടീസ് നൽകിയവർക്കുള്ള 100% ഹിയറിംഗ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. നിലവിൽ ഈ വിവരങ്ങൾ ക്രോഡീകരിച്ചുവരികയാണെന്നും അദ്ദേഹം പറഞ്ഞു. അന്തിമ വോട്ടർ പട്ടിക ഈ മാസം 21 ന് പ്രസിദ്ധീകരിക്കും.

## GOA - CISF CYCLOTHON

സി ഐ എസ് എഫിൻറെ വന്ദേമാതരം കോസ്റ്റൽ സൈക്ലത്തോൺ ഇന്ന് ഗോവയിലെ ചിക്കാലിമിൽ എത്തും. മഹാരാഷ്ട്രയിലെ സിന്ധുദുർഗ് ജില്ലയിൽ നിന്നാണ് സൈക്ലത്തോൺ ഗോവയിൽ പ്രവേശിക്കുന്നത്. ദേശീയ ഐക്യം, തീരദേശ ജാഗ്രത എന്നിവ ഉറപ്പാക്കുന്നതിനും വന്ദേമാതരത്തിന്റെ 150 ആം വാർഷികാഘോഷത്തിന്റെ ഭാഗമായുമാണ് സൈക്ലത്തോൺ സംഘടിപ്പി ക്കുന്നത്.

## VISION 2031 – CM

കേരളത്തിൽ വിഷൻ 2031' വികസനവും ജനാധിപത്യവും അന്താരാഷ്ട്ര കോൺഫറൻസ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ നടക്കുന്ന

ചടങ്ങിൽ മന്ത്രി കെ രാജൻ അധ്യക്ഷനാകും. നൊബേൽ ജേതാവ് അമർത്യ സെൻ, ചരിത്രകാരി റൊമില ഥാപ്പർ എന്നിവർ ഓൺലൈനായി പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## PATHANAMTHITTA- AALIN

വാഹനാപകടത്തിൽ മസ്തിഷ്ക മരണം സംഭവിച്ച ആലിൻ ഷെറിൻ ഏബ്രഹാമിൻറെ സംസ്കാരം ഇന്ന് നടക്കും. മൃതദേഹം ബന്ധുക്കൾക്ക് കൈമാറി. ജന്മനാടായ പത്തനംതിട്ടയിലെ മല്ലപ്പള്ളി നെടുങ്ങാടപ്പള്ളി സെന്റ് തോമസ് പള്ളിയിൽ വൈകുന്നേരം 3.30-ന് ഔദ്യോഗിക ബഹുമതികളോടെ യായിരിക്കും സംസ്കാരം. 10 മാസമുള്ള ആലിൻന്റെ അവയവങ്ങൾ 5 പേർ ക്കാണ് ദാനം ചെയ്തത്. സംസ്ഥാനത്തെ ഏറ്റവും പ്രായം കുറഞ്ഞ അവയവ ദാതാവാണ് ആലിൻ ഷെറിൻ ഏബ്രഹാം.

❁❁❁❁❁❁❁❁❁❁❁❁❁

## AI SUMMIT

ഇന്ത്യ വേദിയൊരുക്കുന്ന നിർമിതബുദ്ധി ഉച്ചകോടി നാളെ ന്യൂഡൽഹിയിൽ തുടങ്ങും. ഭാരത് മണ്ഡപത്തിൽ നടക്കുന്ന പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി വ്യാഴാഴ്ച നിർവഹിക്കും. എ ഐ യുമായി ബന്ധപ്പെട്ട ഏഴ് പ്രമേയങ്ങളെ കേന്ദ്രീകരിച്ചാണ് ഉച്ചകോടി. ഇതോടനുബന്ധിച്ചുള്ള പ്രദർശനം മറ്റെന്നാൾ തുടങ്ങും. സ്റ്റാർട്ടപ്പ് കമ്പനി കൾക്ക് പുറമെ ഫ്രാൻസ്, ജർമനി, ജപ്പാൻ, യുകെ, തുടങ്ങിയ വിദേശ രാജ്യ ങ്ങളുടെ സ്റ്റാളുകളുണ്ടാകും.

❁❁❁❁❁❁❁❁❁❁❁❁❁

## VAISHNAW AI (INTRO)

സാമൂഹിക സ്വാധീനം, സാങ്കേതികവിദ്യയുടെ സ്വീകാര്യത, ഭരണനിർവ്വഹണം എന്നിവയിലൂന്നി അഞ്ചാം വ്യവസായ വിപ്ലവത്തിന് നിർമ്മിത ബുദ്ധി കരുത്തു പകരുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ലോകത്തെ ഏറ്റവും വലിയ എഐ ഉച്ചകോടികളിലൊന്നിനാണ് ഇന്ത്യ വേദിയാകുന്നത്. വരും തലമുറ സാങ്കേതികവിദ്യകളിൽ ഇന്ത്യക്കുള്ള വർദ്ധിച്ചുവരുന്ന പ്രാധാന്യ ത്തിന്റെ സൂചനയാണിതെന്നും ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു.

(വോയ്സ്)

## SHIVARATHRI

ഇന്ന് മഹാ ശിവരാത്രി. ശിവരാത്രി ആഘോഷത്തിന് എല്ലാ പ്രമുഖ ശിവക്ഷേത്രങ്ങളും ഒരുങ്ങി.ഭക്തർ ശിവരാത്രി വ്രതം നോറ്റ് ക്ഷേത്രദർശനം നടത്തും. കൂവളത്തില സമർപ്പിച്ചും ഉപവാസമനുഷ്ഠിച്ചും രാത്രി ഉറങ്ങാതെയും ഭക്തർ ശിവരാത്രി പുണ്യത്തിനായി പ്രാർത്ഥിക്കും. ആലുവ മണപ്പുറത്ത് ബലിതർപ്പണ ചടങ്ങുകൾ പുരോഗമിക്കുന്നു. ശിവരാത്രി മഹോത്സവത്തോട നുബന്ധിച്ച് കൊച്ചി മെട്രോ ഇന്നും നാളെയും പ്രത്യേക സർവീസ് നടത്തും.

## PARISHATH

114 - മത് അയിരൂർ - ചെറുകൊൽപ്പുഴ ഹിന്ദുമത പരിഷത്തിന് ഇന്നു പത്തനംതിട്ടയിൽ തുടക്കമാകും. തിരുനാവായ മഹാമാഘ മഹോത്സവ പരാമചര്യൻ മഹാമണ്ഡലേശ്വർ സ്വാമി ആനന്ദവനം ഭാരതി മഹാരാജ് വൈകിട്ട് 3.45 ന് ഹിന്ദുമത പരിഷത്ത് ഉത്ഘാടനം ചെയ്യും. മിസോറാം മുൻ ഗവർണർ കുമ്മനം രാജശേഖരൻ, മന്ത്രി റോഷി ആഗസ്റ്റിൻ, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ തുടങ്ങിയവർ പങ്കെടുക്കും. ഈ മാസം 22 ന് നടക്കുന്ന സമാപന സഭയുടെ ഉദ്ഘാടനം കേന്ദ്രമന്ത്രി അർജുൻ റാം മേഘവാൾ നിർവഹിക്കും.

## T20 WORLD CUP

ഐ.സി.സി പുരുഷ ടി-20 ലോകകപ്പിൽ ഇന്ന് ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം. രാത്രി 7.00 ന് കൊളംബോയിലെ പ്രേമദാസ സ്റ്റേഡിയത്തിലാണ് മത്സരം. കളിച്ച രണ്ട് മത്സരങ്ങളിലും വിജയിച്ച ഇരു ടീമുകൾക്കും നിലവിൽ 4 പോയിൻറ് വീതമുണ്ട്. ഇന്ന് നടക്കുന്ന മറ്റ് മത്സരങ്ങളിൽ വെസ്റ്റ് ഇൻഡീസ് നേപ്പാളിനെയും, യു എസ് എ, നമീബിയയെയും നേരിടും.

## BANGLADESH: BNP

ബംഗ്ലാദേശിൽ, പുതുതായി തിരഞ്ഞെടുക്കപ്പെട്ട പാർലമെന്റ് അംഗങ്ങളുടെ സത്യപ്രതിജ്ഞ ചൊവ്വാഴ്ച നടക്കും. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ AMM

നാസിർ ഉദ്ദീൻ സത്യവാചകം ചൊല്ലിക്കൊടുക്കും. ദേശീയ തിരഞ്ഞെടുപ്പിൽ ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി വൻ വിജയമാണ് നേടിയത്.

☸☸☸☸☸☸☸☸☸☸☸☸☸

## US-IRAN-NUCLEAR-TALKS

ഇറാൻ ആണവ പദ്ധതിയെച്ചൊല്ലിയുള്ള രണ്ടാം ഘട്ട യു എസ് - ഇറാൻ ചർച്ചകൾ അടുത്ത ആഴ്ച ജനീവയിൽ നടക്കുമെന്ന് സ്വിസ് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഒമാൻ ചർച്ചകൾക്ക് ആതിഥേയത്വം വഹിക്കും. വിഷയത്തിൽ ധാരണയിൽ എത്താതിരിക്കുന്നത് കടുത്ത പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് ആദ്യഘട്ട ചർച്ചകൾക്കിടെ യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഇറാന് മുന്നറിയിപ്പ് നൽകിയിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸
☸☸☸☸☸